നം.കെഎസ്എ-കെടിഎം.പി2/7/17 തീയതി :7.1.17

# കോട്ടയം ജില്ലയിലെ തീക്കോയി ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

*(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ്-13, 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം-18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)*

കോട്ടയം ജില്ലയിലെ തീക്കോയി ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 01.04.2016 മുതൽ 31.07.2016 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 7 ഓഡിറ്റ് അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 7 എണ്ണത്തിനും പഞ്ചായത്ത് മറുപടി നൽകിയിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ 31.12.2016-ൽ നടന്ന ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റേയോ ലഭ്യമാക്കാത്ത വിവരത്തിന്റേയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | |
|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥ | ശ്രീമതി എം.വി. സിനി , ഡെപ്യൂട്ടി ഡയറക്ടർ | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 24.12.2016 മുതൽ 31.12.2016 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ സജി പി. ആർ. | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി ഡാനിമോൾ കെ. ജെ. | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീ ശിവരാജ് പി. | ഓഡിറ്റർ |

(ബി) നിർവഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡൻറ് | ശ്രീമതി അമ്മിണി തോമസ് | 01.04.2015 മുതൽ 31.10.2015 വരെ |
| | ശ്രീ കെ സി ജെയിംസ് | 01.11.2015 മുതൽ 31.03.2016 വരെ |
| സെക്രട്ടറി | ശ്രീമതി വി ബി വിജയമ്മ | 01.04.2015 മുതൽ 04.04.2015 വരെ |
| | ശ്രീ എ. വി. അബനീന്ദ്രമോഹൻ, ഹെഡ് ക്ലാർക്ക് | 05.04.2015 മുതൽ 26.07.2015 വരെ |
| | ശ്രീമതി മേരിക്കുട്ടി കെ. ജെ. | 27.07.2015 മുതൽ 26.12.2015 വരെ |
| | ശ്രീമതി ജോബോയ് ജോൺ, ഹെഡ് ക്ലാർക്ക് | 27.12.2015 മുതൽ 29.02.2016 വരെ |
| | ശ്രീ സന്തോഷ്കുമാർ കെ. ബി. | 01.03.2016 മുതൽ 31.03.2016 വരെ |

(സി) മറ്റ് നിർവഹണോദ്യോഗസ്ഥർ

| | | |
|---|---|---|
| കൃഷി ഓഫീസർ | ശ്രീമതി ഹണി ലിസ ചാക്കോ | 01.04.2015 മുതൽ 31.03.2016 വരെ |

| | | |
|---|---|---|
| വെറ്ററിനറി സർജൻ | ഡോ. ബിനോയ് ജോസഫ് | 01.04.2015 മുതൽ 31.03.2016 വരെ |
| വി.ഇ.ഒ. | ശ്രീ സജിത്ത് ഡി. | 01.04.2015 മുതൽ 31.03.2016 വരെ |
| മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. | ശ്രീമതി അനീറ്റ ജോസഫ് | 01.04.2015 മുതൽ 31.03.2016 വരെ |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ശ്രീമതി ഉഷാകുമാരി പി. ജി. | 01.04.2015 മുതൽ 31.03.2016 വരെ |
| മെഡിക്കൽ ഓഫീസർ, ഹോമിയോ | ഡോ. സി. ഡി. മനോജ് | 01.04.2015 മുതൽ 17.06.2015FN വരെ |
| | ഡോ. സാജൻ ചെറിയാൻ | 17.06.2015AN മുതൽ 28.11.2015FN വരെ |
| | ഡോ. ജ്യോൽസ്ന സദാനന്ദൻ | 28.11.2015AN മുതൽ 31.03.2016 വരെ |
| മെഡിക്കൽ ഓഫീസർ, ആയുർവേദം | ഡോ. ജി ഹരികുമാർ | 01.04.2015 മുതൽ 31.03.2016 വരെ |
| ഡയറി ഫാം ഇൻസ്ട്രക്ടർ | ശ്രീ കണ്ണൻ എം. വി. | 01.04.2015 മുതൽ 31.03.2016 വരെ |
| അസിസ്റ്റന്റ് എൻജിനീയർ – LSGD | ശ്രീ ജെയിംസ് ജോർജ് | 01.04.2015 മുതൽ 31.03.2016 വരെ |

(ഡി) ഉള്ളടക്കം

| ഖണ്ഡിക നമ്പർ | വിഷയം |
|---|---|
| ഭാഗം 1 പൊതു അവലോകനം | |
| 1-1 | ബജറ്റ് |
| 1-2 | വാർഷിക ധനകാര്യപത്രിക |
| 1-3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം |
| 1-4 | സാമ്പത്തിക വിശകലനം |
| 1-5 | ഫണ്ട് വിനിയോഗം |
| 1-6 | പദ്ധതി അവലോകനം |
| 1-7 | തനത് വരുമാനം |
| 1-8 | ക്ഷേമ പദ്ധതികൾ |
| 1-9 | ക്യാഷ് വെരിഫിക്കേഷൻ |
| 1-10 | ആഭ്യന്തരനിയന്ത്രണം |
| 1-11 | മറ്റ് ഓഡിററുകൾ നടത്തിയതിന്റെ വിവരം |
| ഭാഗം 2 --- വരവുകണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | |

| | |
|---|---|
| 2-1 | വാർഷിക കണക്കുകളുടെ അവലോകനം |
| 2-2 | മൊബൈൽ ടവറുകളുടെ വസ്തുനികുതി നിർണ്ണയത്തിൽ അപാകത – 4.74 ലക്ഷം രൂപ നികുതി നഷ്ടം |
| 2-3 | വസ്തുനികുതി നിർണ്ണയത്തിൽ അപാകത – പഞ്ചായത്തിന് വരുമാന നഷ്ടം |
| 2-4 | സ്വകാര്യ പണമിടപാട് സ്ഥാപനങ്ങൾ തൊഴിൽ നികുതി ഡിമാന്റിൽ ഉൾപ്പെട്ടിട്ടില്ല |
| 2-5 | ഷോപ്പിങ്ങ് കോംപ്ലെക്സ്/ഓഡിറ്റോറിയം വാടക - അപാകതകൾ |
| 2-6 | ജനറൽ പർപ്പസ് ഗ്രാന്റ്- ബിൽ യഥാസമയം മാറാതിരുന്നതിനാൽ 269163/-രൂപയുടെ നഷ്ടം |
| 2-7 | ഡി & ഒ ട്രേഡ് ലൈസൻസ് – പൊതു അപാകതകൾ |
| ഭാഗം 3 --- ചെലവുകണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| 3-1 | പഞ്ചായത്ത് ഓഫീസ് ട്രസ് വർക്ക് – ആദായനികുതി ഈടാക്കിയതിൽ കുറവ് |
| 3-2 | വാഹനമെയിന്റനൻസിന് പൊതുവിഭാഗം വികസനഫണ്ട്ചെലവഴിച്ചു |
| 3-3 | ലൈബ്രറി സെസ് ഒടുക്കിയത്- കൈപ്പറ്റ് രസീത് ലഭ്യമല്ല |
| 3-4 | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി |
| ഭാഗം 4 --- പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | |
| 4-1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം |
| 4-2 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ |
| 4-3 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് |
| 4-4 | വായ്പ/വായ്പ തിരിച്ചടവ് |
| 4-5 | സ്ഥിരനിക്ഷേപങ്ങൾ |
| 4-6 | ഓഡിറ്റ് റിക്കവറി |
| 4-7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം |
| 4-8 | ഓഡിറ്റ് പ്രത്യവലോകനം |
| 4-9 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ |
| അനുബന്ധം 1 | ഓഡിറ്റ് സാക്ഷ്യപത്രം 2015-16 |

| | |
|---|---|
| അനുബന്ധം 2 | ബാലൻസ് ഷീറ്റ് - 31.03.2016 തീയതിയിൽ |
| അനുബന്ധം 3 | ഇൻകം ആന്റ് എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് 2015-16 |
| അനുബന്ധം 4 | റസീപ്റ്റ് ആന്റ് പെയ്മെന്റ് സ്റ്റേറ്റ്മെന്റ് 2015-16 |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2015-16 പുതുക്കിയ ബജറ്റ് തിയതിയിലെ 04.03.2016-ലെ 1-ാം നം. തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റ് പ്രകാരമുള്ള വരവ് ചെലവ് വിവരം ചുവടെ ചേർക്കുന്നു.

| | |
|---|---|
| മുന്നിരിപ്പ് | 5824974 |
| വരവ് | 44436000 |
| ആകെ | 50260974 |
| ചെലവ് | 49060899 |
| നീക്കിയിരിപ്പ് | 1200075 |

## 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട അവസാന തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2016 | 29.07.2016 | ---- | ----- |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി |
|---|---|
| 2015-16 | 27.12.2016 |

ഓഡിറ്റ് ചെയ്ത വാർഷിക ധനകാര്യപത്രികയിലെ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട്, റസീറ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട്, ബാലൻസ് ഷീറ്റ്, ഓഡിറ്റ് സർട്ടിഫിക്കറ്റ് 2015-16 എന്നിവ അനുബന്ധമായി ചേർത്തിരിക്കുന്നു.

## 1-4 സാമ്പത്തിക വിശകലനം

പഞ്ചായത്തിന്റെ 2015-16 വാർഷിക ധനകാര്യ പത്രികയിലെ റസീറ്റ് & പേമന്റ് പത്രിക പ്രകാരമുള്ള സാമ്പത്തിക വിശകലനം ചുവടെ ചേർക്കുന്നു.

| | |
|---|---|
| മുന്നിരിപ്പ് | 5824974 |
| വരവ് | 28608922 |
| ആകെ | 34433896 |
| ചെലവ് | 30437359 |

| | |
|---|---|
| നീക്കിയിരിപ്പ് | 3996537 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | വരവ് തുക | ആകെ തുക | ചെലവ് തുക | ട്രാൻസ്ഫർ ക്രഡിറ്റ് | നീക്കിബാക്കി(RP 40 b പ്രകാരം) |
|---|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 143197 | 3010509 | 5553748 | 5553748 | (+)2400042 | 0 |
| വികസന ഫണ്ട് (എസ്.സി.പി) | 213103 | 625000 | 830000 | 830000 | (-)8103 | 0 |
| വികസനഫണ്ട്(ടി.എസ്.പി) | 78965 | 599865 | 673095 | 673095 | (-)5735 | 0 |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 100205 | 8673454 | 8773659 | 8773659 | 0 | 0 |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 405351 | 2042670 | 2448021 | 2448021 | 0 | 0 |
| ധനകാര്യ കമ്മീഷൻ അവാർഡ് | 241536 | 2703142 | 2303474 | 2303474 | (-)641204 | 0 |
| ലോക ബാങ്ക് സഹായം | 1745000 | 1722282 | 1722282 | 1722282 | (-)1745000 | 0 |

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 119 | 25639648/- | 110 | 22813860/- | - | 9 | 92.44 |

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

പ്രോജക്ട് രൂപീകരണ നടപടിക്രമങ്ങൾ പാലിച്ച് തയാറാക്കിയ പ്രോജക്ടുകൾക്ക് ജില്ലാ ആസൂത്രണസമിതി 15.7.2016ലെ 490/15/ ഡി.പി.സി/ഡി.പി.ഒ/ കെ.റ്റി.എം നമ്പർ ഉത്തരവ് പ്രകാരം അന്തിമാംഗീകാരം നല്കി.

ഈ പ്രോജക്ടുകളുടെ നിർവഹണത്തിലൂടെ ഗ്രാമപഞ്ചായത്ത് കൈവരിച്ച നേട്ടങ്ങളും കോട്ടങ്ങളും ചുവടെ ചേർക്കുന്നു.

ഉല്പാദനമേഖലയിൽ പച്ചക്കറികൃഷി, ജാതിതൈ വിതരണം, കാലിത്തീറ്റവിതരണം, പശുവളർത്തൽ, മൃഗാശുപത്രിയിലേയ്ക്ക് മരുന്നുവാങ്ങൽ എന്നീ പദ്ധതികൾ നടപ്പാക്കിയതിലൂടെ കാർഷികമേഖലയിൽ ഉല്പാദനവർദ്ധനവും സാമ്പത്തികപുരോഗതിയും ഉണ്ടായി. ഇത് പ്രസ്തുത മേഖലയിലെ ജനങ്ങളുടെ ജീവിത നിലവാരം മെച്ചപ്പെടാൻ സഹായിച്ചു.

സേവനമേഖലയിൽ വീട് നിർമ്മാണം, വീട് പുനരുദ്ധാരണം, അങ്കണവാടികളിൽ പോഷകാഹാരവിതരണം, പാലിയേറ്റീവ് പരിചരണം, ആയുർവേദ, ഹോമിയോ ആശുപത്രികൾക്ക് മരുന്ന് വാങ്ങൽ, വിവിധ അങ്കണവാടികളുടെ സൗകര്യം മെച്ചപ്പെടുത്തൽ എന്നിങ്ങനെ വൈവിദ്ധ്യമാർന്ന പ്രോജക്ടുകളിലൂടെ വിവിധവിഭാഗം ജനങ്ങൾക്ക് പ്രയോജനം ലഭ്യമാക്കി.

നിരവധി റോഡുകളുടെ ടാറിംഗ്-റീടാറിംഗ് പ്രവൃത്തികൾ, റോഡുകളുടെ കോൺക്രീറ്റിംഗ്, അങ്കണവാടികളുടെ മെയിന്റനൻസ്, വിട്ടുകിട്ടിയ സ്ഥാപനങ്ങളുടെ അനുബന്ധസൗകര്യം വർധിപ്പിക്കൽ, തുടങ്ങിയ പ്രോജക്ടുകളിലൂടെ ജനങ്ങളുടെ ജീവിതനിലവാരം മെച്ചപ്പെട്ടു.
എന്നാൽ പ്രോജക്ടുകളുടെ നിർവഹണം സംബന്ധിച്ച് വിവിധ മോണിട്ടറിംഗ് സമിതികൾ മോണിട്ടറിംഗ് നടത്തിയിട്ടില്ലായെന്നത് ഒരു പ്രധാന പോരായ്മയാണ്. വാർഷിക പദ്ധതിയുടെ ഭാഗമായി നടപ്പാക്കുന്ന എല്ലാ പ്രോജക്ടുകളും വിവിധ തലങ്ങളിൽ മോണിട്ടറിംഗ് നടത്തേണ്ടതാണ്.

## 1-7 തനതു വരുമാനം

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തികവർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം 14.6 ശതമാനം വർദ്ധനവുണ്ടായി. നികുതിയേതര വരവുകൾ മുൻവർഷത്ത തുകയുടെ ഇരട്ടിയാക്കാൻ കഴിഞ്ഞിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം[(+)/(-)] |
|---|---|---|---|---|
| നികുതി വരവുകൾ | 1533915 | 1658390 | 124475 | 8.11(+) |
| നികുതിയേതര വരവുകൾ | 115113 | 231345 | 116232 | 100.97(+) |
| ആകെ | 1649028 | 1889735 | 240707 | 14.6(+) |

## 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 82560 | 48 |
| കർഷകതൊഴിലാളി പെൻഷൻ | 1320150 | 252 |
| വിധവാപെൻഷൻ | 2254960 | 252 |
| വാർദ്ധക്യകാലപെൻഷൻ | 2133240 | 341 |
| വികലാംഗപെൻഷൻ | 1050630 | 105 |
| 50വയസ്സിനുമേൽ പ്രായമായ അവിവാഹിതർക്കുള്ള പെൻഷൻ | 176800 | 24 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 27.12.2016 തീയതി 3.15 പി.എം.-ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 43,923/- രൂപ ക്യാഷ് ബാലൻസിന്റെ/നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തര നിയന്ത്രണം

പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനത്തിലെ പ്രധാനപ്പെട്ട ന്യൂനതകളും അവ പരിഹരിക്കാനുള്ള ഓഡിറ്റിന്റെ നിർദ്ദേശങ്ങളും വിഷയം തിരിച്ച് താഴെ കൊടുക്കുന്നു. തദ്ദേശ ഭരണ സംവിധാനം ഏറ്റവും ഫലപ്രദമായി നിർവ്വഹിക്കുന്നതിന് ടി വിഷയങ്ങളിൽ അടിയന്തിര നടപടികൾ സ്വീകരിച്ച് ആഭ്യന്തര നിയന്ത്രണ സംവിധാനം സുതാര്യവും കാര്യക്ഷമവുമാക്കേണ്ടതാണ്.

<u>കാഷ് ചെസ്റ്റ് :</u> പഞ്ചായത്തിൽ കാഷ് ചെസ്റ്റ് നിലവിലില്ല. 2011-ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം-26(1) പ്രകാരം പഞ്ചായത്തിലെ കാഷ് നീക്കിയിരിപ്പ് സൂക്ഷിക്കുന്നതിന് കാഷ് ചെസ്റ്റ് ഉണ്ടായിരിക്കേണ്ടതാണ്. ചട്ടപ്രകാരം നിർദ്ദേശിച്ചിട്ടുള്ള സംവിധാനങ്ങളോടുകൂടിയ കാഷ് ചെസ്റ്റ് വാങ്ങുന്നതിനുള്ള നടപടിയെടുക്കുന്നതിന് പഞ്ചായത്ത് ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

<u>വാടക :</u> പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള വാടകയ്ക്ക് നൽകാവുന്ന എല്ലാ കെട്ടിടങ്ങളുടെയും കടമുറികളുടെയും വിശദാംശം

ഡിമാന്റ് രജിസ്റ്ററിൽ ഇല്ല. വാടക ഈടാക്കുന്നതിനുള്ള ബൈ-ലോ നിലവിലില്ല. ബൈ-ലോ അടിയന്തിരമായി തയ്യാറാക്കി വാടക ഈടാക്കൽ സുതാര്യവും നിയമപരവുമാക്കേണ്ടതാണ്. വാടക ഡിമാന്റ് രജിസ്റ്ററിൽ ലേലം ചെയ്യാതെ ഒഴിഞ്ഞുകിടക്കുന്ന കടമുറികളുടെ വിവരങ്ങളും ഉൾപ്പെടുത്തി രജിസ്റ്റർ പൂർത്തിയാക്കേണ്ടതാണ്. ഓഡിറ്റോറിയം വാടകയ്ക്ക് നൽകുമ്പോൾ സെക്യൂരിറ്റി തുക, ക്ലീനിങ്ങ് ചാർജ് എന്നിവ കൂടി ഈടാക്കി അവിടുത്തെ വിവിധ ആസ്തികളുടെ സംരക്ഷണം ഉറപ്പാക്കേണ്ടതാണ്.

ഡി & ഓ ട്രേഡ് ലൈസൻസ് : പഞ്ചായത്തിലെ വാർഡ് അടിസ്ഥാനത്തിലുള്ള ഡെയ്ഞ്ചേഴ്സ് ലിസ്റ്റ് തയ്യാറാക്കൽ നിലവിൽ പൂർത്തിയായിട്ടില്ല. 1996-ലെകേരള പഞ്ചായത്ത് രാജ് (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും വ്യവസായങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ ചട്ടം-3 ലെ 1-ാം പട്ടികയിലുള്ള എല്ലാത്തരം വാണിജ്യ-വ്യവസായങ്ങൾക്കും ലൈസൻസ് നൽകേണ്ടതാണ്. പഞ്ചായത്ത് പരിധിയിലുള്ള എല്ലാ ഡെയ്ഞ്ചർമാരുടെയും വിശദാംശങ്ങളടങ്ങിയ ലിസ്റ്റ് തയ്യാറാക്കിയ ശേഷം ലൈസൻസ് ഫീസിന്റെ ഡിമാന്റ് നിർണ്ണയിക്കുകയും ഈടാക്കുകയും ചെയ്യേണ്ടതാണ്.

വസ്തുനികുതി : മാന്വലായി ഡിമാന്റ് രജിസ്റ്റർ സൂക്ഷിക്കുന്നില്ല. യഥാർത്ഥ ഡിമാന്റ് വാർഷിക കണക്കിൽ പ്രതിഫലിക്കുന്നില്ല. ഡി.സി.ബി. തയ്യാറാക്കിയിട്ടില്ല. വാർഡ് അടിസ്ഥാനത്തിലുള്ള ഡി.സി.ബി. തയ്യാറാക്കിയ ശേഷം ആകെയുള്ള ഡി.സി.ബി. പത്രിക തയ്യാറാക്കേണ്ടതാണ്. നിലവിലുള്ള നികുതി കുടിശിക ഈടാക്കാനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

രസീതുകൾ : സാംഖ്യ കമ്പ്യൂട്ടർ രസീതുകൾ, മാന്വൽ രസീതുകൾ എന്നിവ ലഭിച്ചതും വിതരണം ചെയ്തതുമായ എല്ലാ വിശദാംശങ്ങളും സ്റ്റോക്ക് രജിസ്റ്ററിൽ പ്രതിഫലിക്കേണ്ടതാണ്. സ്റ്റോക്ക് രജിസ്റ്ററിലെ രശീതുകളുടെ വിനിമയം സെക്രട്ടറി സാക്ഷ്യപ്പെടുത്തി ആധികാരികമാക്കേണ്ടതാണ്.

വിവരശേഖരണം : പഞ്ചായത്തിന്റെ തനതുവരുമാനം വർദ്ധിപ്പിക്കുന്നതിന് വിവിധ വിഷയങ്ങളിൽ കൃത്യവും ആധികാരികവുമായ വിവരശേഖരണം നടത്തേണ്ടതാണ്. പഞ്ചായത്ത് പരിധിയിലുള്ള, 1994-ലെ കേരള പഞ്ചാത്ത് രാജ് നിയമത്തിന്റെയും അനുബന്ധ ചട്ടങ്ങളുടെയും പരിധിയിൽ വരുന്നതായ എല്ലാ വിഷയങ്ങളിലും (ഉദാഹരണം- പോൾട്രി ഫാം, ട്യൂട്ടോറിയൽ സ്ഥാപനം, പാരാമെഡിക്കൽ സ്ഥാപനം, കശാപ്പുശാല തുടങ്ങിയവ) കൃത്യമായ വിഭവ സമാഹരണം നടത്തി വിശദാംശങ്ങൾ കൃത്യമായി ക്രോഡീകരിക്കേണ്ടതാണ്. നിയമപ്രകാരമുള്ള തുടർനടപടികളിലൂടെ നികുതി നികുതിയേതര വരുമാനം വർദ്ധിപ്പിക്കേണ്ടതും നിയമ/ചട്ടങ്ങളുടെ ലംഘനം തടയുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

ഡി.സി.ബി. : അക്രുവൽ നടത്തുന്ന വരവിനങ്ങളുടെ (വസ്തുനികുതി, ഡെയ്ഞ്ചേഴ്സ് തൊഴിൽ നികുതി, വാടക, ഡി & ഓ ലൈസൻസ് ഫീസ്) ഡി.സി.ബി. പത്രിക ഡിമാന്റ് രജിസ്റ്ററിലെ കണക്കുകൾ ക്രോഡീകരിച്ച് തയ്യാറാക്കേണ്ടതാണ്. ഡി.സി.ബി. പത്രിക തയ്യാറാക്കിയ ശേഷം അതിൽനിന്നും ഡി.സി.ബി. സംക്ഷിപ്തം തയ്യാറാക്കേണ്ടതാണ്. ഡി.സി.ബി. സംക്ഷിപ്തം വാർഷിക ധനകാര്യ പത്രികയിലെ കണക്കുകളുമായി പൊരുത്തപ്പെടേണ്ടതാണ്.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 13.12.2016 | 11/2016 | റിപ്പോർട്ട് ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 02.11.2006 – 16.11.2006 | 1997-98 to 2005-06 | എൽ.ബി.എ(എച്ച്.ക്യൂ)/8എ-/1068/917 തീയതി 13.12.2006 |

# ഭാഗം-2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 വാർഷിക കണക്കുകളുടെ അവലോകനം

പഞ്ചായത്തിന്റെ 2015-16 വാർഷിക ധനകാര്യപത്രിക 1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമപ്രകാരമുള്ള സമയപരിധിക്കുള്ളിൽ ഓഡിറ്റിന് ലഭ്യമാക്കിയിരുന്നു. വാർഷിക കണക്കുകൾ പരിശോധിച്ചതിൽ താഴെ പറയുന്ന ന്യൂനതകൾ ഉള്ളതായി കാണുന്നു.

1) 31.03.2016-ലെ തനത് ഫണ്ട് ബാങ്ക് റീക്കൺസിലേഷനിൽ 1480/- രൂപയുടെ 14.09.2015 ൽ വൗച്ചർ നം.21500238

പ്രകാരം ഇഷ്യൂ ചെയ്ത 11393 നം. ചെക്ക് 6 മാസം കഴിഞ്ഞിട്ടും നിലനിൽക്കുന്നു. റിസർവ് ബാങ്കിന്റെ റഗുലേഷൻ 2012-ഏപ്രിൽ-1 മുതൽ ചെക്കിന്റെ കാലാവധി 3 മാസമാണ്. കൂടാതെ 28.02.2014-ലെ എ-1/14 എന്ന നമ്പരായി 660/- രൂപ 'Directly Debited by Bank' എന്നത് 2 വർഷം കഴിഞ്ഞിട്ടും ക്രമീകരിച്ചില്ല. ഇഷ്യൂ ചെയ്യുന്ന ചെക്കുകൾ കാലാവധി കഴിഞ്ഞാൽ പഞ്ചായത്ത് അക്കൗണ്ടിൽ ക്രമീകരിക്കേണ്ടതാണ്.

2)ഗ്രാമ പഞ്ചായത്തിന്റെ സ്ഥാവര ജംഗമ ആസ്തികൾ സാംഖ്യയിൽ കൃത്യമായി അക്കൗണ്ട് ചെയ്തിട്ടില്ല.

3)രസീത് & പേമെന്റ് പത്രികയുടെ 31-ാം ഷെഡ്യൂളിൽ രേഖപ്പെടുത്തിയിട്ടുള്ള ആകെ വരവിലും ചെലവിലും വ്യത്യാസമില്ലെങ്കിലും വികസനഫണ്ട് പൊതുവിഭാഗത്തിന്റെയും ധനകാര്യകമ്മീഷൻ ഗ്രാന്റിന്റെയും വരവുചെലവ് വിവരങ്ങൾ എ.സി.ആറുമായി പൊരുത്തപ്പെടുന്നില്ല.

4) B15 ഷെഡ്യൂളിൽ സ്ഥാപന തൊഴിൽ നികുതി കുടിശിക ഇനത്തിൽ 32290 രൂപ നിലനിൽക്കുന്നുണ്ടെങ്കിലും ആയതിന്റെ വിശദാംശങ്ങൾ ലഭ്യമല്ല.
5) മാന്വലായി വസ്തുനികുതി ഡിമാന്റ് രജിസ്റ്റർ സൂക്ഷിക്കുന്നില്ല. യഥാർത്ഥ ഡിമാന്റ് വാർഷിക ധനകാര്യ പത്രികയിൽ പ്രതിഫലിക്കുന്നില്ല.

## 2-2 മൊബൈൽ ടവറുകളുടെ വസ്തുനികുതി നിർണ്ണയത്തിൽ അപാകത - 4.74 ലക്ഷം രൂപ നികുതി നഷ്ടം

സഞ്ചയ അസസ്മെന്റ് പ്രകാരം ഗ്രാമപഞ്ചായത്ത് പരിധിയിൽ ആകെ 7 മൊബൈൽ ടെലികമ്മ്യൂണിക്കേഷൻ ടവറുകളാണുള്ളത്. 14.01.2011-ലെ ജി.ഒ.(പി) 19/2011/ത.സ്വ.ഭ.വ-ന്റെ അടിസ്ഥാനത്തിൽ മൊബൈൽ ടവറുകളുടെ അടിസ്ഥാന വസ്തുനികുതി ചതുരശ്ര മീറ്ററിന് 500/- രൂപയായി 2013-14 വർഷം മുതൽ പരിഷ്കരിച്ചിട്ടുണ്ട്. എന്നാൽ 2013-14 ഒന്നാം അർദ്ധവർഷം പ്രാബല്യത്തിൽ ടവറുകളുടെ വസ്തുനികുതി നിർണ്ണയം നടത്തിയപ്പോൾ തറ വിസ്തീർണ്ണം കണക്കാക്കിയതിലെ പിഴവുമൂലം പഞ്ചായത്ത് ഫണ്ടിന് ഭീമമായ തുക വരുമാനനഷ്ടം സംഭവിച്ചതായി കാണുന്നു. സഞ്ചയ സോഫ്റ്റ്വെയറിലെ ഫോറം-6 പ്രകാരമുള്ള അടിസ്ഥാന നികുതിയും വസ്തുനികുതി നിർണയ ഫയലിലെ കംപ്ലീഷൻ പ്ലാൻ പ്രകാരമുള്ള വിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിൽ കണക്കാക്കിയ നികുതിയും തമ്മിലുള്ള വ്യത്യാസത്തിന്റെ വിശദാംശം താഴെ ചേർക്കുന്നു.

| ക്രമ-നം. | കെട്ടിട നം./ഉടമ | സഞ്ചയ പ്രകാരം തറ വിസ്തീർണ്ണം/അടിസ്ഥാന നികുതി | ഫയൽ / പ്ലാൻ പ്രകാരം തറ വിസ്തീർണ്ണം/ അടിസ്ഥാന നികുതി | നികുതി ഡിമാന്റിലെ കുറവ്(5% LC ഉൾപ്പടെ) |
|---|---|---|---|---|
| 1. | 13/69A<br>ഇൻഡസ് ടവേഴ്സ് ലിമിറ്റഡ്,<br>വൻകരാത്ത് ടവർ | 15 ച.മീ./ 7500/-<br>ആകെ ഇളവ് (10%) = 750/-<br>ആകെ നികുതി = 6750/-<br>LC ഉൾപ്പടെ - 7088/- രൂപ | 84.53ച.മീ./ 42265/-<br>ഇളവ് (10%) = 4227/-<br>ആകെ നികുതി =38038 /-<br>LC ഉൾപ്പടെ - 39940/- | 32852/- |
| 2. | 12/228<br>ഐഡിയ മൊബൈൽ കമ്മ്യൂണിക്കേഷൻസ് | 10 ച.മീ./ 5000/-<br>ആകെ ഇളവ് (10%) = 500/-<br>വർദ്ധനവ് (20%) = 1000/-<br>ആകെ നികുതി = 5500/-<br>LC ഉൾപ്പടെ - 5775/- | 117.5 ച.മീ./ 58750/-<br>ഇളവ് (10%) = 5875/-<br>വർദ്ധനവ്(20%) = 11750-<br>ആകെ നികുതി = 64625/-<br>LC ഉൾപ്പടെ - 67856/- | 62081/- |
| 3. | 10/214 | 12 ച.മീ./ 6000/- | 69.54 ച.മീ./ 34770/- | 33230/- |

| | | | | |
|---|---|---|---|---|
| | എം.എസ് റിലൈൻസ് കമ്മ്യൂണിക്കേഷൻസ് | ആകെ ഇളവ് (10%) = 600/-<br>വർദ്ധനവ് (20%) = 1200/-<br>ആകെ നികുതി = 6600/-<br>LC ഉൾപ്പടെ - 6930/- | ഇളവ് (10%) = 3477/-<br>വർദ്ധനവ് (20%) = 6954/-<br>ആകെ നികുതി = 38247/-<br>LC ഉൾപ്പടെ - 40160/- | |
| 4. | 7/283<br>ഇന്ഡസ് ടവേഴ്സ് ലിമിറ്റഡ് | 15 ച.മീ./ 7500/-<br>ആകെ ഇളവ് (50%) = 3750/-<br>ആകെ നികുതി = 3750/-<br>LC ഉൾപ്പടെ - 3938/- | 56.34ച.മീ./ 28170/-<br>ഇളവ് (50%) = 14085/-<br>ആകെ നികുതി = 14085/-<br>LC ഉൾപ്പടെ - 14790/- | 10852/- |
| 5. | 7/54A<br>ഇന്ഡസ് ടവേഴ്സ് ലിമിറ്റഡ് | 15 ച.മീ./ 7500/-<br>ആകെ ഇളവ് (50%) = 3750/-<br>ആകെ നികുതി = 3750/-<br>LC ഉൾപ്പടെ - 3938/- രൂപ | 57.79 ച.മീ./ 28895/-<br>ഇളവ് (50%) =14447 /-<br>ആകെ നികുതി =14448 /-<br>LC ഉൾപ്പടെ - 15170/- | 11232/- |
| 6. | 3/176B<br>ഇൻഡസ് ടവേഴ്സ് ലിമിറ്റഡ് | 14.23 ച.മീ./ 7115/-<br>ആകെ ഇളവ് (20%) = 1423/-<br>വർദ്ധനവ് (20%) = 1423/-<br>ആകെ നികുതി = 7115/-<br>LC ഉൾപ്പടെ - 7471/- രൂപ | 43.95 ച.മീ./ 21975/-<br>ഇളവ് (20%) = 4395/-<br>വർദ്ധനവ് (20%) = 4395/-<br>ആകെ നികുതി = 21975/-<br>LC ഉൾപ്പടെ - 23074/- | 15603/- |
| 7. | 2/209<br>സി. അനിൽകുമാർ എം. ടെക്, ബി.എസ്.എൻ.എൽ സബ്-ഡിവിഷൻ.2 | 12 ച.മീ./ 6000/-<br>വർദ്ധനവ് (20%) = 1200/-<br>ആകെ നികുതി = 7200/-<br>LC ഉൾപ്പടെ - 7560/- | ഫയൽ ലഭ്യമല്ല | - |
| 2015-16 വർഷത്തെ ആകെ നികുതി ഡിമാന്റിലെ നഷ്ടം (157952+7898LC) | | | | 165850/- |

മൊബൈൽ ടവറുകളുടെ വസ്തുനികുതി നിർണ്ണയിക്കുമ്പോൾ ടവറിന്റെ അടിത്തറയുടെ വിസ്തീർണ്ണത്തിന്റെയും ബാറ്ററി മുറി, ജനറേറ്റർ മുറി, സംരക്ഷണ മുറി തുടങ്ങിയ അനുബന്ധ കെട്ടിടങ്ങളുടെയും വിസ്തീർണ്ണത്തിന്റ ആകെത്തുക കണക്കാക്കിയാവണം തറ വിസ്തീർണ്ണം നിർണ്ണയിക്കേണ്ടത്. നികുതി നിർണ്ണയം നടത്തിയത് 2013-14 ഒന്നാം

അർദ്ധവർഷം മുതൽ പ്രാബല്യത്തിൽ ആയതിനാൽ 2013-14, 2014-15, 2015-16 സാമ്പത്തിക വർഷങ്ങളിലെ ക്രമ നം.1 മുതൽ 6 വരെയുള്ള 6 ടവറുകൾക്ക് നികുതി ഡിമാന്റിൽ ആകെ 4,73,856/- രൂപയുടെ കുറവ് സംഭവിച്ചിട്ടുണ്ട് (157952x3=473856).

വസ്തു നികുതി നിർണ്ണയത്തിലെ പിഴവുമൂലം പഞ്ചായത്ത് ഫണ്ടിന് സംഭവിച്ച നഷ്ടത്തിന് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് അന്വേഷണത്തിന്(നം.3/29.12.2016) ലഭ്യമാക്കിയ മറുപടിയിൽ ടവറുകളുടെ തറ വിസ്തീർണ്ണം പുനക്രമീകരിച്ച് ഡിമാന്റ് നോട്ടീസ് രജിസ്റ്റേർഡായി അയക്കുന്നതിനുള്ള നടപടി സ്വീകരിച്ചു എന്ന് അറിയിച്ചു. മേൽപറഞ്ഞ ടവറുകൾ സ്ഥലപരിശോധന നടത്തി നികുതി പുനർ നിർണ്ണയിക്കേണ്ടതാണ്. അടിസ്ഥാന വസ്തുനികുതിയിന്മേലുള്ള ഇളവുകൾ അനുവദിച്ചത് സംബന്ധിച്ച പുനപരിശോധനയും നടത്തേണ്ടതാണ് (ക്രമ നം.4,5 ടവറുകൾക്ക് 50% നികുതിയിളവ് അനുവദിച്ചത്). ക്രമ നം.7-ൽ സൂചിപ്പിച്ച മൊബൈൽ ടവറിന്റെ വസ്തുനികുതി നിർണ്ണയ ഫയൽ ഹാജരാക്കാത്തതിനാൽ യഥാർത്ഥ തറ വിസ്തീർണ്ണം ലഭ്യമല്ല. എല്ലാ മൊബൈൽ ടവറുകളുടെയും വസ്തു നികുതി പുനർനിർണ്ണയം നടത്തി കുറവുവന്ന തുക കുടിശികയടക്കം ഈടാക്കേണ്ടതാണ്. പുനർനിർണ്ണയിച്ച നികുതിയുടെയും തുക പഞ്ചായത്ത് ഫണ്ടിൽ അടവാക്കിയതിന്റെയും (2013-14 ഒന്നാം അർദ്ധവർഷം മുതൽ 2015-16 രണ്ടാം അർദ്ധവർഷം വരെ) വിശദാംശങ്ങൾ ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 2-3 വസ്തുനികുതി നിർണ്ണയത്തിൽ അപാകത - പഞ്ചായത്തിന് വരുമാന നഷ്ടം

2015-16 വർഷം വസ്തുനികുതി നിർണ്ണയിച്ച, കെ . വി ജോയി, കണ്ടത്തിൽ എന്ന വ്യക്തിയുടെ ഉടമസ്ഥതയിലുള്ള 2/437A, 2/437F എന്നീ നം. കെട്ടിടങ്ങളുടെ നികതി നിർണ്ണയത്തിൽ അപാകതയുള്ളതായി കാണുന്നു. ടി കെട്ടിടങ്ങളുടെ തറ വിസ്തീർണ്ണം 100 ച.മീ.-ൽ കൂടുതലാണെങ്കിലും വാണിജ്യാവശ്യത്തിനുള്ള 100 ച.മീ.-വരെ തറ വിസ്തീർണ്ണമുള്ള കെട്ടിടങ്ങൾക്ക് ബാധകമായ നിരക്കിലാണ്(40രൂപ/ച.മീ.) നികതി നിർണ്ണയിച്ചത്. നിർണ്ണയിക്കേണ്ട നികുതി വാണിജ്യാവശ്യത്തിനുള്ള 100 ച.മീ. യിൽ കൂടുതൽ തറ വിസ്തീർണ്ണമുള്ള കെട്ടിടങ്ങൾക്ക് ബാധകമായ നിരക്കിലായിരുന്നു(50രൂപ/ച.മീ.) വിശദാംശം ചുവടെ ചേർത്തിരിക്കുന്നു.

| കെട്ടിട നം. | നിർണ്ണയിച്ച നികുതി<br>(നിരക്ക് - 40രൂപ/ച.മീ.) | നിർണ്ണയിക്കേണ്ട നികുതി<br>(നിരക്ക് - 50രൂപ/ച.മീ.) | കുറവ് വന്ന നികുതി<br>(നികുതി+LC) |
|---|---|---|---|
| 2/437A | തറ വിസ്തീർണ്ണം- 121 ച.മീ.<br>അടിസ്ഥാന നികുതി - 4840/-<br>വർദ്ധനവ് (20%)- 968/-<br>ആകെ നികുതി- 5808/-<br>LC ഉൾപ്പടെ - 6099/- | തറ വിസ്തീർണ്ണം- 121 ച.മീ.<br>അടിസ്ഥാന നികുതി - 6050/-<br>വർദ്ധനവ് (20%)- 1210/-<br>ആകെ നികുതി- 7260/-<br>LC ഉൾപ്പടെ - 7623/- | 1452+73(LC)<br>1525/- |
| 2/437F | തറ വിസ്തീർണ്ണം- 195 ച.മീ.<br>അടിസ്ഥാന നികുതി - 7800/-<br>വർദ്ധനവ് (20%)- 1560/-<br>ആകെ നികുതി- 9360/-<br>LC ഉൾപ്പടെ - 9828/- | തറ വിസ്തീർണ്ണം- 195 ച.മീ.<br>അടിസ്ഥാന നികുതി - 9750/-<br>വർദ്ധനവ് (20%)- 1950/-<br>ആകെ നികുതി- 11700/-<br>LC ഉൾപ്പടെ - 12285/- | 2340+117(LC)<br>2457/- |
| ആകെ ഒരു വർഷത്തെ നികുതി നഷ്ടം = 3792 + 190(LC) | | | 3982/- |

വസ്തുനികുതി നികുതി നിർണ്ണയത്തിലെ അപാകതമൂലം 3792/- വാർഷിക നികുതി നഷ്ടം വരുത്തിയതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.5/30.12.2016) ലഭിച്ച മറുപടിയിൽ നികുതി പുനർനിർണ്ണയിച്ചെന്നും പുതുക്കിയ ഡിമാന്റ് നോട്ടീസ് നികുതിദായകന് അയയ്ക്കുന്നതാണെന്നും അറിയിച്ചു. പുനർനിർണ്ണയിച്ച നികുതി ഡിമാന്റ് ചെയ്ത് ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ ഒടുക്കിയതിന്റെ വിശദാംശങ്ങൾ ഉൾപ്പടെ ഓഡിറ്റിൽ രേഖാമൂലം അറിയിക്കേണ്ടതാണ്.

## 2-4 സ്വകാര്യ പണമിടപാട് സ്ഥാപനങ്ങൾ തൊഴിൽ നികുതി ഡിമാന്റിൽ ഉൾപ്പെട്ടിട്ടില്ല

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന സ്വകാര്യ പണമിടപാട് സ്ഥാപനങ്ങൾ, ക്ഷീര വികസന സഹകരണ സംഘം എന്നീ സ്ഥാപനങ്ങൾ, 1994- ലെ കേരള പഞ്ചായത്ത് രാജ് നിയമം 205-ാം വകുപ്പ് പ്രകാരമുള്ള തൊഴിൽ നികുതി ഡിമാന്റിൽ ഉൾപ്പെടാത്തതായി കാണുന്നു. വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| ക്രമ നം. | സ്ഥാപനം |
|---|---|
| 1. | യുണൈറ്റഡ് ഫിനാൻസിയേഴ്സ്, അറമത്ത് ബിൽഡിങ്ങ്, റ്റി.പി.-5-105, തീക്കോയി.<br>മണി ലെൻഡിങ്ങ് ലൈസൻസ് നം.32050335914 |
| 2. | പയനീയർ ഫിനാൻസിയേഴ്സ്, പുല്ലാട്ട് ആർക്കേഡ്, 5/42A, തീക്കോയി.<br>മണി ലെൻഡിങ്ങ് ലൈസൻസ് നം.32050355826 |
| 3. | തീക്കോയി ക്ഷീരോൽപാദക സഹകരണ സംഘം<br>ക്ലിപ്തം നം.54-ഡി, തീക്കോയി. |

ക്രമ നം.1,2 ൽ സൂചിപ്പിച്ചിരിക്കുന്നത് 1958-ലെ കേരള മണി ലെൻഡേഴ്സ് നിയമപ്രകാരം മണി ലെൻഡിങ്ങ് ലൈസൻസ് നേടി പ്രവർത്തിക്കുന്ന സ്വകാര്യ ധനകാര്യ സ്ഥാപനങ്ങളാണ് (ആധാരം-www.keralataxes.gov.in). ടി സ്ഥാപനങ്ങളുടെ തൊഴിൽ നികുതിയും ജീവനക്കാരുടെ തൊഴിൽ നികുതിയും ഡിമാന്റിൽ ഉൾപ്പെട്ടിട്ടില്ല. ക്രമ നം.3-യിൽ സൂചിപ്പിച്ച സഹകരണ സംഘം വഴി 2015-16 വർഷം ഡയറി ഫാം ഇൻസ്ട്രക്ടർ നിർവ്വഹണ ഉദ്യോഗസ്ഥനായ 'പഞ്ചായത്തിലെ ക്ഷീര കർഷകർക്ക് കാലിത്തീറ്റ വിതരണം' എന്ന പ്രോജക്ട് നടപ്പാക്കിയിട്ടുള്ളതാണ് (പ്രോജക്ട് നം.S0043/16).

മേൽപറഞ്ഞ സ്ഥാപനങ്ങളുടെയും അവിടുത്തെ ജീവനക്കാരുടെയും തൊഴിൽ നികുതി ഡിമാന്റ് ചെയ്യാത്തതിനാൽ ഈയിനത്തിൽ 2015-16 ൽ പഞ്ചായത്തിന് വരുമാന ചോർച്ച സംഭവിച്ചു. അപാകതയ്ക്കുള്ള വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.1/26.12.2016) പഞ്ചായത്ത് നൽകിയ മറുപടിയിൽ തൊഴിൽ നികുതി ഡിമാന്റ് നോട്ടീസ് തയ്യാറാക്കി സ്ഥാപനങ്ങൾക്ക് നൽകിയതായി അറിയിച്ചു. നികുതി തുക അടവാക്കുന്ന മുറയ്ക്ക് ഓഡിറ്റിനെ അറിയിക്കുമെന്ന് മറുപടിയിൽ സൂചിപ്പിച്ചിരിക്കുന്നു. മേൽപറഞ്ഞ 3 സ്ഥാപനങ്ങളുടെയും അവിടെ ജോലി ചെയ്യുന്ന ജീവനക്കാരുടെയും തൊഴിൽ നികുതി ഈടാക്കി വിശദാംശം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 2-5 ഷോപ്പിങ്ങ് കോംപ്ലെക്സ് / ഓഡിറ്റോറിയം വാടക-അപാകതകൾ

പഞ്ചായത്ത് ഉടമസ്ഥതയിലുള്ള ഷോപ്പിങ്ങ് കോംപ്ലെക്സ് മുറികൾ, ഓഡിറ്റോറിയം എന്നിവ വാടകയ്ക്ക് നൽകുന്നതിലെ പൊതുവായ അപാകതകൾ താഴെ ചേർക്കുന്നു.

1. ഷോപ്പിങ്ങ് കോംപ്ലെക്സ് മുറികൾ, ഓഡിറ്റോറിയം എന്നിവ വാടകയ്ക്ക് നൽകുന്നത് ക്രമീകരിക്കുന്നതിനുള്ള വ്യക്തമായ വ്യവസ്ഥകളുള്ള ബൈ-ലോ നിലവിലില്ല. അതിനാൽ കുത്തകക്കാരുടെമേൽ പഞ്ചായത്തിന് കാര്യക്ഷമമായ നിയന്ത്രണം സാധ്യമാകുന്നില്ല.
2. 2015-16 വർഷം ഷോപ്പിങ്ങ് കോംപ്ലെക്സിലെ 2 മുറികൾ മാത്രമാണ് വാടകയ്ക്ക് നൽകിയിട്ടുള്ളത്. പഞ്ചായത്തിലെ ഷോപ്പിങ്ങ് കോംപ്ലെക്സിലെ ആകെയുള്ള മുറികളുടെ വിവരം ഡിമാന്റ് രജിസ്റ്ററിൽ നിന്നും ലഭ്യമല്ല. മൂന്ന് മുറികൾ ഉപയോഗിക്കുന്ന ത്രിവേണി സൂപ്പർ മാർക്കറ്റ് 2 വർഷത്തിലധികമായി വാടക നൽകാതെ പ്രവർത്തിക്കുന്നതായും ബാക്കിയുള്ള 3 കട മുറികൾ നിലവിൽ വാടകയ്ക്ക് നൽകിയിട്ടില്ല എന്നും സ്ഥലപരിശോധനയിൽ ബോധ്യപ്പെട്ടു. ലേലം ചെയ്യാത്ത മുറികൾ നിഷ്ക്രിയ ആസ്തിയായി നിലനിൽക്കുന്നു.
3. വാടക സെക്യൂരിറ്റി നിക്ഷേപമായി 31.03.2016-ൽ പഞ്ചായത്ത് ഫണ്ടിലുള്ളത് ധനകാര്യ പത്രിക പ്രകാരം 2000/- രൂപ മാത്രമാണ്(ഷെഡ്യൂൾ ബി-7, സാംഖ്യ കണക്ക് ശീർഷകം-340200101). വാടക ഡിമാന്റ് രജിസ്റ്ററിൽ സെക്യൂരിറ്റി തുകയുടെ വിശദാംശം രേഖപ്പെടുത്തിയിട്ടില്ല. രണ്ട് മുറികൾക്ക് 2015-16 വർഷത്തെ വാടക ഡിമാന്റ് 23184/- രൂപയാണ് ( അതായത് ഒരു മാസത്തെ വാടക തുക 1932/- രൂപ). കുത്തകക്കാരൻ നിയമാനുസൃതമല്ലാതെ കരാർ അവസാനിപ്പിച്ചാൽ ടിയാന്റെ ബാധ്യത തട്ടിക്കിഴിക്കാൻ നിലവിലെ വാടക സെക്യൂരിറ്റി നിക്ഷേപം പര്യാപ്തമല്ല.
4. ഓഡിറ്റോറിയം വാടകയിനത്തിൽ തൻവർഷം 20500/- രൂപ വരവുണ്ട്. എന്നാൽ ടി കെട്ടിടം വാടകയ്ക്ക് നൽകുമ്പോൾ സെക്യൂരിറ്റി തുക, ക്ലീനിങ്ങ് ചാർജ് എന്നിവ ഈടാക്കുന്നില്ല. നിക്ഷേപം ഈടാക്കാത്തതിനാൽ ഓഡിറ്റോറിയത്തിലെ വിവിധ ആസ്തികളുടെ കൃത്യമായ മേൽനോട്ടവും സംരക്ഷണവും സാധ്യമാകാതെ വരുന്നു. ദിവസവാടക, നിക്ഷേപം, വാടകയ്ക്കെടുത്ത കക്ഷി പാലിക്കേണ്ട നിബന്ധനകൾ ഉടങ്ങിയ മാനദണ്ഡങ്ങളുള്ള ബൈ-ലോ നിലവിലില്ലാത്തതിനാൽ ഓഡിറ്റോറിയം വാടകയ്ക്ക് നൽകുന്നത് കാര്യക്ഷമമായി മോണിറ്റർ ചെയ്യാൻ പഞ്ചായത്തിന് സാധിക്കുന്നില്ല.

വാടക വരുമാനത്തിന് ആനുപാതികമായല്ല സെക്യൂരിറ്റി നിക്ഷേപം ഈടാക്കിയിരിക്കുന്നത്(മാസവാടകയ്ക്ക് ആനുപാതികമായി വർദ്ധിപ്പിക്കുന്നില്ല). വാടകയ്ക്ക് നൽകാവുന്ന കടമുറികളുടെ വിശദാംശം പഞ്ചായത്തിലെ രജിസ്റ്ററിൽ വ്യക്തമല്ലാത്തതിനാൽ ടി ആസ്തിയുടെ വിനിയോഗം അശാസ്ത്രീയമാണ്. ഓഡിറ്റോറിയം സെക്യൂരിറ്റിയില്ലാതെ

വാടകയ്ക്ക് നൽകുന്നതിനാൽ ഓഡിറ്റോറിയത്തിലെ ആസ്തികളുടെ സംരക്ഷണവും സാധ്യമാകുന്നില്ല. അപാകതകൾ നിലനിൽക്കുന്നത് സംബന്ധിച്ച് പഞ്ചായത്തിന്റെ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.2/29.12.2016) ലഭ്യമാക്കിയ മറുപടിയിൽ ബൈ-ലോ തയ്യാറാക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരികയാണ് എന്നറിയിച്ചു. ആവശ്യക്കാരുടെ അഭാവം മൂലമാണ് ഷോപ്പിങ്ങ് കോംപ്ലെക്സ് മുറികൾ ഒഴിഞ്ഞ് കിടക്കുന്നതെന്നും നൻമ സൂപ്പർമാർക്കറ്റ് സംബന്ധിച്ച വിഷയം സർക്കാരിന്റെ പരിഗണനയിലാണെന്നും വാടക സെക്യൂരിറ്റി നിക്ഷേപത്തിലെ ന്യൂനത പഞ്ചായത്ത് കമ്മറ്റിയിൽ അവതരിപ്പിച്ച് തുടർനടപടി സ്വീകരിക്കുമെന്നും മറുപടിയിൽ അറിയിച്ചിട്ടുണ്ട്. നടപടിക്രമങ്ങളെല്ലാം പൂർത്തിയാക്കിയ ശേഷം വിശദവിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 2-6 ജനറൽ പർപ്പസ് ഗ്രാന്റ്- ബിൽ യഥാസമയം മാറാതിരുന്നതിനാൽ 269163/-രൂപയുടെ നഷ്ടം

2015-16 വർഷത്തെ ജനറൽ പർപ്പസ് ഗ്രാന്റിനത്തിൽ ആകെ 3230000/-രൂപയായിരുന്നു ഗ്രാമപഞ്ചായത്തിന് അലോട്ടുചെയ്തിരുന്നത്. എന്നാൽ ജി ഒ (ആർ ടി)2353/2016 /ധനം/14.3.2016 നമ്പർ ഉത്തരവുപ്രകാരം ലഭിച്ച 269163/-രൂപയുടെ അവസാനഗഡു യഥാസമയം ട്രഷറിയിൽ നിന്ന് ബിൽ പ്രകാരം മാറിയില്ല. സാമ്പത്തികവർഷം അവസാനിച്ചതിനുശേഷം ട്രഷറി റിക്കൺസിലിയേഷൻ നടത്തിയപ്പോൾ മാത്രമാണ് ഇപ്രകാരം തുക നഷ്ടപ്പെട്ട വിവരം അധികൃതരുടെ ശ്രദ്ധയിൽപ്പെട്ടത്. തന്മൂലം ഗ്രാമപഞ്ചായത്തിന്റെ തനതുഫണ്ടിനത്തിൽ 269163/-രൂപയുടെ നഷ്ടമാണ് സംഭവിച്ചിട്ടുള്ളത്. ഇതിനെതുടർന്ന്, ഭരണസമിതിയുടെ 2/7.5.2016 നമ്പർ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ തുക അനുവദിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് എ1-01/16/26.5.2016 നമ്പരായി സർക്കാരിലേയ്ക്ക് കത്തയച്ചതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായുള്ള ട്രഷറി റിക്കൺസിലിയേഷൻ പൂർത്തിയായതിനുശേഷം ആവശ്യം പരിഗണിക്കുന്നതാണെന്ന മറുപടിയാണ് (എസ് എഫ് സി എ1/164/2016/ ഫിൻ/23.9.2016) ലഭിച്ചത്. 12മാസതവണകളായി ലഭിക്കുന്ന ജനറൽ പർപ്പസ് ഗ്രാന്റ് യഥാസമയം സംസ്ഥാനസർക്കാരിന്റെ സഞ്ചിതനിധിയിൽ നിന്ന് പിൻവലിച്ച് ട്രഷറിയിലെ സേവിംഗ്സ് അക്കൗണ്ടിൽ നിക്ഷേപിക്കാതിരുന്നത് ഗുരുതരമായ വീഴ്ചയായി ഓഡിറ്റിൽ വിലയിരുത്തുന്നു. തനതുവരുമാനം താരതമ്യേന കുറവായ ഗ്രാമപഞ്ചായത്തിന് പലവർഷങ്ങളിലും സർക്കാരിന്റെ വിടവുനികത്തൽ ഫണ്ടിനെ ആശ്രയിക്കേണ്ടി വരുന്നു. തൻവർഷം ഇപ്രകാരം 109740/- രൂപ വിടവുനികത്തൽ ഫണ്ടിനത്തിൽ ലഭിച്ചിട്ടുണ്ട്. കൂടാതെ, തനതുചെലവുകൾ നിർവഹിക്കുന്നതിന് വികസനഫണ്ട്, മെയിന്റനൻസ് ഗ്രാന്റ്- റോഡിതരവിഭാഗം എന്നിവയിൽ നിന്ന് ആകെ 586305/-രൂപ പിൻവലിച്ചിട്ടുമുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ചെലവിനം | ധനസ്രോതസ്സ് | തുക (രൂപ) |
|---|---|---|
| വെള്ളക്കരം | മെയിന്റനൻസ് ഗ്രാന്റ്- റോഡിതരവിഭാഗം | 262500 |
| തെരുവുവിളക്കുകളുടെ കറന്റ് ചാർജ് | മെയിന്റനൻസ് ഗ്രാന്റ്- റോഡിതരവിഭാഗം | 273000 |
| വാഹനമെയിന്റനൻസ് | വികസനഫണ്ട് | 8931 |
| വാഹനത്തിന്റെ ഇന്ധനച്ചെലവ് | മെയിന്റനൻസ് ഗ്രാന്റ്- റോഡിതരവിഭാഗം | 41874 |
| ആകെ | | 586305/- |

ഈ സാഹചര്യത്തിൽ ജനറൽ പർപ്പസ് ഗ്രാന്റിനത്തിൽ ലഭിക്കേണ്ട 269163/-രൂപ സാമ്പത്തികവർഷം അവസാനിക്കുന്നതിനുമുമ്പ് പിൻവലിക്കാതിരുന്ന നടപടി ബന്ധപ്പെട്ടവരുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 2-7 ഡി & ഓ ട്രേഡ് ലൈസൻസ് - പൊതു അപാകതകൾ

പഞ്ചായത്തിലെ ഡി & ഓ ലൈസൻസ് നടപടികളിലെയും ലൈസൻസ് ഫീസ് ഈടാക്കുന്നതിലെയും പൊതു അപാകതകൾ താഴെ ചേർക്കുന്നു.

- പഞ്ചായത്തിലെ വാർഡ് അടിസ്ഥാനത്തിൽ ട്രെയ്ഡേഴ്സ് ലിസ്റ്റ് തയ്യാറാക്കൽ പൂർത്തിയായിട്ടില്ല. ലിസ്റ്റിൽ 13 വാർഡുകളിലെ ആകെ ട്രെയ്ഡർമാരുടെ എണ്ണം 84 ആണ്. എന്നാൽ ഡിമാന്റ് രജിസ്റ്റർ പ്രകാരം 2011-12 വർഷം 131 ട്രെയ്ഡർമാർ ലൈസൻസ് എടുത്തിട്ടുണ്ട്. 2015-16 ലെ ലൈസൻസികളുടെ എണ്ണം 63 മാത്രമാണ്.
- പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന താരതമ്യേന ഉയർന്ന വിറ്റുവരവുള്ള കരിങ്കൽ ക്വാറികൾ, മെറ്റൽ ക്രഷർ

യൂണിറ്റുകൾ തുടങ്ങിയവയ്ക്ക് പരമാവധി ഡി & ഓ ലൈസൻസ് ഫീസ് ചുമത്തിയിട്ടില്ലാത്തതിനാൽ പഞ്ചായത്തിന് തനതു വരുമാന ചോർച്ച സംഭവിക്കുന്നു.

| ട്രേഡർ (അപേക്ഷ നം.) | വാണിജ്യം | പ്രതിദിന വിറ്റുവരവ് (അപേക്ഷ പ്രകാരം) | ഈടാക്കിയ ഫീസ് |
|---|---|---|---|
| പി എസ് സെബാസ്റ്റ്യൻ പാംബ്ലാനിയിൽ (നം.4) | പാറ പൊട്ടിച്ച് വിൽപന | 75000/- | 2000/- |
| പി എസ് സെബാസ്റ്റ്യൻ പാംബ്ലാനിയിൽ (നം.5) | മെറ്റൽ ക്രഷർ | 50000/- | 1000/- |
| ജേക്കബ് ജോർജ് മേക്കാട്ടുകുമ്മണപറമ്പിൽ(നം.15) | പാറ പൊട്ടിച്ച് വിൽപന | 60000/- | 2000/- |

ഉയർന്ന വിറ്റുവരവുള്ള വാണിജ്യ-വ്യവസായങ്ങളിൽ നിന്ന് പരമാവധി ലൈസൻസ് ഫീസ് (4000/-രൂപ) ഈടാക്കേണ്ടതാണ്.

- ഡി & ഓ ലൈസൻസ് ഡിമാന്റ് രജിസ്റ്റർ പ്രകാരം പഞ്ചായത്ത് പരിധിയിലുള്ള അബ്കാരി ഷാപ്പുകൾ ലൈസൻസ് പരിധിയിൽ ഉൾപ്പെട്ടിട്ടില്ല. 1996-ലെകേരള പഞ്ചായത്ത് രാജ് (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും വ്യവസായങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ ചട്ടം-3 പ്രകാരം അബ്കാരി ഷാപ്പുകൾക്ക് ലൈസൻസ് നൽകേണ്ടതാണ്(പട്ടിക-1 ലെ ഇനം-139).
- ലൈസൻസ് നൽകുമ്പോൾ വാണിജ്യ-വ്യവസായങ്ങൾക്ക് സർക്കാർ വകുപ്പുകളും സർക്കാർ ഏജൻസികളും നൽകുന്ന പ്രവത്തനാനുമതിയും അനുബന്ധരേഖകളും വിശദമായി പരിശോധിക്കേണ്ടതുണ്ട്. ഡിമാന്റ് രജിസ്റ്റർ പ്രകാരം 2015-16 മുഴുവൻ വർഷത്തേക്ക് ലൈസൻസ് നൽകിയ പി എസ് സെബാസ്റ്റ്യൻ പാംബ്ലാനിയിൽ എന്ന വ്യക്തിയുടെ ഉടമസ്ഥതയിലുള്ള മെറ്റൽ ക്രഷറിന് ലൈസൻസിനായി അപേക്ഷയോടൊപ്പം നൽകിയ മലിനീകരണ നിയന്ത്രണ ബോർഡിന്റെ നിരാക്ഷേപപത്രത്തിന്റെ കാലാവധി 30.06.2016-വരെ മാത്രമായിരുന്നു.
- ഡി & ഒ ട്രേഡ് ലൈസൻസ് അപേക്ഷകളിൻമേലുള്ള പരിശോധന റിപ്പോർട്ടിൽ ലൈസൻസ് ഫീസ് നിശ്ചയിക്കുന്നതിനുള്ള ഒരു ദിവസത്തെ ശരാശരി വിറ്റുവരവ് രേഖപ്പെടുത്തുന്നില്ല. ചില അപേക്ഷകൾ വിറ്റുവരവ് രേഖപ്പെടുത്താതെയാണ് നൽകിയിട്ടുള്ളത്. പഞ്ചായത്ത് ഉദ്യോഗസ്ഥരുടെ പരിശോധന റിപ്പോർട്ടിലും ലൈസൻസ് ഫീസ് നിശ്ചയിക്കുന്നതിനുള്ള ദിവസ വിറ്റുവരവ് സൂചിപ്പിക്കുന്നില്ല.
- പാരാമെഡിക്കൽ സ്ഥാപനങ്ങൾ, മാവേലി സ്റ്റോർ, പൊതുവിതരണ കേന്ദ്രങ്ങൾ തുടങ്ങിയവ ലൈസൻസ് നേടിയിട്ടില്ല.

മേൽവിവരിച്ച അപാകതകൾ തുടർവർഷങ്ങളിൽ പരിഹരിച്ച് ചട്ടപ്രകാരം ഡി & ഓ ലൈസൻസ് നടപടികൾ ക്രമീകരിക്കേണ്ടതാണ്. ഈയിനത്തിലുള്ള വരുമാന ചോർച്ച പൂർണ്ണമായും പരിഹരിക്കേണ്ടതാണ്.

## ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 പഞ്ചായത്ത് ഓഫീസ് ട്രസ്സ് വർക്ക് അനുബന്ധ പ്രവർത്തനങ്ങൾ- ആദായനികുതി ഈടാക്കിയതു കുറവ്

പ്രോജക്ട് നം. 115/16

അടങ്കൽ- 1255000 രൂപ (ലോകബാങ്ക് ധനസഹായം)

ചെലവ് - 1075895 രൂപ (ബിൽ നം. 52/ 15-16/ 29.3.16 )

പഞ്ചായത്ത് ഓഫീസിന്റെ മുകളിൽ ട്രസ് വർക്ക് ചെയ്ത് ഭിത്തി കെട്ടി, ജനലുകളും വാതിലുകളും പിടിപ്പിയ്ക്കുന്നതിനുള്ളതാണ് പ്രോജക്ട്. ലോകബാങ്ക് ധനസഹായത്തിൽ നിന്നും 1255000 രൂപ അടങ്കൽ വകയിരുത്തിയ പ്രവൃത്തി കരാർ പ്രവൃത്തിയായാണ് നിർവ്വഹിച്ചത്.

ഇ ടെണ്ടർ മുഖേന കരാർ ക്ഷണിച്ചതിൽ കുറഞ്ഞ നിരക്ക് (13 %) ക്വോട്ടു ചെയ്ത St. Johns Costruction എന്ന കമ്പനിയുടെ ടെണ്ടർ അംഗീകരിച്ചതായി കാണുന്നു. എന്നാൽ അസിസ്റ്റന്റ് എൻജിനീയർ കരറിലേർപ്പെട്ടിരിക്കുന്നത് സിബി ഫിലിപ്പ്, വരിക്കാനിയ്ക്കൽ, കൈപ്പള്ളി എന്ന വ്യക്തിയുമായാണ്. കമ്പനിയുടെ ടെണ്ടർ അംഗീകരിച്ചതിനുശേഷം വ്യക്തിയുമായി കരാറിലേർപ്പെട്ടത് ക്രമപ്രകാരമല്ല. കൂടാതെ ബില്ലിൽ നിന്നും ആദായ നികുതി കുറവ് ചെയ്തിരിക്കുന്നത് 1% ആണ്. 1961 ലെ ആദായനികുതി നിയമം സെക്ഷൻ 194(c)1(ii) പ്രകാരം കരാറുകാരൻ വ്യക്തി / അവിഭക്ത ഹിന്ദു കുടുംബം അല്ലാത്ത സംഗതികളിൽ ബില്ലിൽ നിന്നും 2% ആദായനികുതി കുറവ് ചെയ്യേണ്ടതാണ്.

ഫൈനൽ ബില്ലിന്റെ വിശദാംങ്ങൾ ചുവടെ ചേർക്കുന്നു.

| ഇനം | തുക |
|---|---|
| എം ബുക്ക് പ്രകാരമുള്ള വേല മൂല്യം | 1236660.9 |
| (-) ടെണ്ടർ വ്യതിയാനം (13%) കുറവ് | 160765.9 |
| | 1075895 |
| (-) വാറ്റ് 4% | 43036 |
| (-) ആദായനികുതി 1% | 10759 |
| (-) ക്ഷേമനിധി 1% | 10759 |
| കരാറുകാരന് നൽകിയ തുക | 1011341 |

ഡി.ഡി. നം. 907768/ 5.4.16 പ്രകാരം 1011341 രൂപ കരാറുകാരന് നൽകിയിട്ടുണ്ട്. ബില്ലിൽ നിന്നും കുറവ് ചെയ്യേണ്ടിയിരുന്ന ആദായ നികുതി 21518 രൂപയാണ് (1075895 രൂപയുടെ 2%). ആദായനികുതി ഇനത്തിൽ കുറവായി ഈടാക്കിയ 10759 രൂപ കരാറുകാരൻ St Johns Construction എന്ന കമ്പനിയിൽ നിന്നും ഈടാക്കി ആദായ നികുതി വകുപ്പിൽ ഒടുക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. അപാകതകൾ സംബന്ധിച്ച് ഓഡിറ്റിൽ വിശദീകരണം ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 7) മറുപടി ലഭ്യമാക്കിയതിൽ കുറവായി ഈടാക്കിയ നികുതി ഈടാക്കുന്നതാണ് എന്ന് അറിയിച്ചിട്ടുണ്ട്.

## 3-2 വാഹനമെയിന്റനൻസിന് പൊതുവിഭാഗം വികസനഫണ്ട്ചെലവഴിച്ചു

ഗ്രാമപഞ്ചായത്തിലെ വാഹനത്തിന്റെ (ബൊലേറോ ജീപ്പ്- KL-35E/9090) മെയിന്റനൻസിനും സർവീസിംഗിനുമായി പൊതുവിഭാഗം വികസനഫണ്ടിൽ നിന്ന് 8931/-രൂപ (ബിൽ നമ്പർ-37/29.3.2016) പ്രോജക്ട് നമ്പർ 102/16 പ്രാകാരം തൻവർഷം ചെലവഴിച്ചിട്ടുണ്ട്. ആവർത്തനചെലവുകൾക്കായി വികസനഫണ്ട് ചെലവഴിക്കുന്നത് സർക്കാർ മാർഗനിർദ്ദേശങ്ങൾക്കുവിരുദ്ധമാണ്. സർക്കാരിന്റെ അനുമതിയില്ലാതെ ചെലവുചെയ്ത 8931/-രൂപ വികസനഫണ്ടിലേക്ക് തിരിച്ചടയ്ക്കേണ്ടതാണ്. ഭാവിയിൽ ഇത്തരം നടപടികൾ ഒഴിവാക്കുന്നതിനും നികുതിപിരിവുകൾ ഊർജ്ജിതമാക്കി ആവർത്തനചെലവുകൾ നടത്തുന്നതിനും ശ്രദ്ധിക്കേണ്ടതാണ്.

## 3-3 ലൈബ്രറി സെസ് ഒടുക്കിയത്- കൈപ്പറ്റ് രസീത് ലഭ്യമല്ല

ഗ്രാമപഞ്ചായത്തിൽ 2014-2015 (2), 2015-2016(1) അർദ്ധവർഷങ്ങളിൽ പിരിച്ചെടുത്ത ലൈബ്രറി സെസിനത്തിൽ 54802/-രൂപ (ചെക്ക് നമ്പർ- 699944/29.3.2016 ) കേരള സംസ്ഥാന ലൈബ്രറി കൗൺസിലിൽ ഒടുക്കിയിരുന്നു. എന്നാൽ ഈ തുക കൈപ്പറ്റിയതിന്റെ രസീത് ഫയലിൽ ഉള്ളടക്കം ചെയ്തിട്ടില്ല. ആയതിനാൽ 54802/-രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-4 മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

3-4-1 സംഗ്രഹം

ദേശീയ ഗ്രാമീണതൊഴിലുറപ്പ് പദ്ധതിയുടെ തൻവർഷത്തെ വരവുചെലവ് കണക്കുകളുടെ സംഗ്രഹം ചുവടെ ചേർക്കുന്നു.

| | |
|---|---|
| മുന്നിരിപ്പ് | ഇല്ല |
| വരവ് | 2641708 |
| പലിശ | 428 |
| ആകെ | 2642136 |

| | |
|---|---|
| ചെലവ് | 2642136<br>(ഭരണച്ചെലവ് 160946<br>കൂലിച്ചെലവ് 2481190) |
| നീക്കിയിരിപ്പ് | ഇല്ല |

സാമ്പത്തികവർഷം ലേബർ ബജറ്റ് പ്രകാരം 112 പ്രോജക്ടുകൾ വിഭാവനം ചെയ്തതിൽ 64 എണ്ണത്തിന് സാങ്കേതികാനുമതി ലഭിക്കുകയും അത്രയും പ്രോജക്ടുകൾ പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്.
2015-16 ൽ സൃഷ്ടിക്കപ്പെട്ട ആകെ തൊഴിൽദിനങ്ങൾ 19815 ഉം ശരാശരി തൊഴിൽദിനങ്ങൾ 39 ഉം ആണ്.
പദ്ധതിയുമായി സഹകരിച്ച കുടുംബങ്ങളുടെ എണ്ണം- 506
തൊഴിൽ ഡിമാന്റ് ചെയ്ത കുടുംബങ്ങളുടെ എണ്ണം- 601
3-4-2) തീക്കോയി വാഗമറ്റം കല്ലേക്കുളം റോഡ് കോൺക്രീറ്റിംഗ്- മാനദണ്ഡങ്ങൾക്ക് വിരുദ്ധമായി പ്രവൃത്തി ചെയ്തു.

ഗ്രാമ പഞ്ചായത്തിൽ 2015-16 വർഷം ദേശീയ തൊഴിലുറപ്പ് പദ്ധതിയിൽ സാധനഘടക പ്രവൃത്തിയിൽ ഉൾപ്പെടുത്തി അംഗീകാരം ലഭിച്ചതാണ് മേൽ പ്രവൃത്തി. 300000 രൂപ അടങ്കൽ തുകയ്ക്ക് നടപടിക്രമങ്ങലൾ പൂർത്തീകരിച്ച് 18.8.15 ൽ പ്രവൃത്തി ആരംഭിക്കുന്നതായി കാണിച്ച് 13.8.15 ലെ എ1. 530/11 നമ്പർ കത്തു പ്രകാരം ബ്ലോക്കു പഞ്ചായത്തിൽ നിന്നും മസ്റ്റർ റോൾ വാങ്ങിയിരുന്നു. എന്നാൽ പ്രവൃത്തി ആരംഭിക്കുന്ന ദിവസം ബ്ലോക്ക് പ്രോഗ്രാം ഓഫീസർ പഞ്ചായത്തിലെ എൻ.ആർ.ഇ.എസ് ജീവനക്കാർ എന്നിവർ സൈറ്റിൽ പരിശോധന നടത്തിയപ്പോൾ ടി പ്രവൃത്തി നേരത്തേ അനധികൃതമായി ചെയ്തിട്ടുള്ളതായി കാണപ്പെട്ടു. നടപടിക്രമങ്ങൾക്ക് വിരുദ്ധമായി പ്രവൃത്തി നിർവ്വഹിച്ചതിന് ബ്ലോക്ക് പ്രോഗ്രാം ഓഫീസർ ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയോട് വിശദീകരണം ചോദിച്ചിട്ടുണ്ട്. 15.12.15 ലെ ഗ്രാമ പഞ്ചായത്ത് കമ്മറ്റി ടി വിഷയം ചർച്ച ചെയ്യുകയും X/5 നമ്പർ തീരുമാന പ്രകാരം ഇതിന്മേൽ പഠിച്ച് തീരുമാനമെടുക്കുന്നതിന് മാറ്റി വെച്ചതായി കാണുന്നു. അപാകത നിലനിൽക്കുന്നതിനാൽ തൊഴിലാളികൾക്ക് കൂലിയും സാധനങ്ങൾ നൽകിയ കരാറുകാരന് തുകയും നൽകുന്നത് താൽക്കാലികമായി തടഞ്ഞു. ഇതു സംബന്ധിച്ച് സ്വീകരിച്ച തുടർ നടപടികൾ ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച തീയതി | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ഈരാറ്റുപേട്ട ബ്ലോക്ക് പഞ്ചായത്ത് | 26.03.2016 | 40,000/- | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് പഠന സഹായം | 40,000/- | ഇല്ല |

### 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല

### 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

### 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഇല്ല

### 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

### 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 5019/- രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ/തിയ്യതി |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| 2012-13 | 3.7(1) | 4719/- | ദിവ്യ ആർ നായർ | 11501100343/17.06.2015 |
| 2012-13 | 2.1 | 300/- | രശ്മി രാഘവൻ | 11501101041/05.10.2015 |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഖണ്ഡിക-നം. | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1997-98 | 33 | 2000-01 | 4-31 | ഉപയോഗിക്കാത്ത മണ്ണിന് വില നൽകി | ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി പരിഗണിച്ചിട്ടില്ല |

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) -സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 28608922 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 30437359 |
| വരവിനങ്ങളിലുള്ള നഷ്ടം | : | - |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | - |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 54802 |

(ബി)- പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-3 | 3982 | | ശ്രീമതി മേരിക്കുട്ടി കെ.ജെ., സെക്രട്ടറി |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-3 | 54802 | ശ്രീ. കെ.ബി. സന്തോഷ് കുമാർ, സെക്രട്ടറി |

(സി) -കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഖണ്ഡിക 3-1 ആദായനികുതി 10759 രൂപ ശ്രീ. ജയിംസ് ജോർജ്, അസിസ്റ്റന്റ് എൻജിനിയർ

(ഡി) -നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ) -റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ. ജയിംസ് ജോർജ്, അസിസ്റ്റന്റ് എൻജിനിയർ | അസിസ്റ്റന്റ് എൻജിനിയർ, മൂന്നിലവ് ഗ്രാമപഞ്ചായത്ത് | മടുക്കൻകുഴി വീട്, പാദുവ പി.ഒ., കോട്ടയം ജില്ല |
| മേരിക്കുട്ടി കെ.ജെ. | വിരമിച്ചു | ചക്കാലയ്ക്കൽ, കടനാട് പി.ഒ., ഐങ്കൊമ്പ്, കോട്ടയം ജില്ല |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1993-94 | എൽ.എഫ്.കെ.പി2/985/96 4.01.97/16.4.97 | |
| 1997-98 | എൽ.എഫ്.കെ.പി2/1253/അദാ/14(1), 26.11.14 | |
| 1998-99 | എൽ.എഫ്.കെ.പി7/965/02 20.11.04/13.12.04 | |
| 1999-00 | എൽ.എഫ്.കെ.പി2/1253/അദാ/14(2), 08.01.15 | |
| 2000-01 | എൽ.എഫ്.കെ.പി2/1253/അദാ/14(3), 08.01.15 | |
| 2002-03 | എൽ.എഫ്.കെ.പി3/468/05, 05.06.07 | |
| 2003-04 | എൽ.എഫ്.കെ.പി3/181/04, 25.01.07, 07.02.07 | |
| 2004-05 | എൽ.എഫ്.കെ.പി3/1032/08, 19.05.09 | |
| 2005-06 | എൽ.എഫ്.കെ.പി3/230/10, 26.03.10/31.03.10 | |
| 2006-07 | എൽ.എഫ്.കെ.പി3/231/10, 26.03.10/31.03.10 | |
| 2007-08 | എൽ.എഫ്.കെ.പി3/232/10, 11.06.13 | |
| 2008-09 | എൽ.എഫ്.കെ.പി2/200/12, 01.07.13 | |
| 2009-10 | എൽ.എഫ്.കെ.പി2/203/12, 05.06.13 | |
| 2010-11 | എൽ.എഫ്.കെ.പി2/204/12 | |
| 2011-12,2012-13 | എൽ.എഫ്.കെ.പി2/943/15, 14.09.15 | 12 |
| 2013-14,2014-15 | കെ.എസ്സ്.എ.-കെ.ടി.എം.പി2/69/2016-03.06.2016 | 35 |

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം

## അനുബന്ധം-1

## ഓഡിറ്റ് സർട്ടിഫിക്കറ്റ് 2015-16

കെ.എസ്.എ.കെ.ടി.എം. പി2/7/17

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ല ഓഡിറ്റ് കാര്യാലയം-കോട്ടയം

ഫോൺ നം. 0481-2564886
ഇ-മെയിൽ – doktm.ksad@kerala.gov.in
തീയതി – 07/01/2017

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ നാലാം വകുപ്പ്, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ് ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനുവേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദേശിച്ച ഓഡിറ്റിംഗ് സ്റ്റാന്റേർഡുകൾ അവലംബിച്ചും കോട്ടയം ജില്ലയിലെ തീക്കോയി ഗ്രാമപഞ്ചായത്തിന്റെ 2015-16 വർഷത്തെ വാർഷിക ധനകാര്യസ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ തീക്കോയി ഗ്രാമപഞ്ചായത്തിന്റെ 2015-16-ലെ വാർഷിക ധനകാര്യപത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം-കോട്ടയം